(സി)

- സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് - 20 ലക്ഷം
- ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ - 105 ലക്ഷം
- സി.എഫ്.എൽ.-കളുടെ സുരക്ഷിത നിർമ്മാർജ്ജനം - 10 ലക്ഷം
- ഊർജ്ജസംരക്ഷണ നിധി - 33 ലക്ഷം
- ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനം - 220 ലക്ഷം

(ഡി) പദ്ധതി നിർവ്വഹണത്തിനായി ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജ സംരംക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്താനായി ഊർജ്ജ വകുപ്പ് സെക്രട്ടറി ചെയർമാനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്.

എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

3 (7839) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ; വിശദമാക്കുമോ :

(സി) ഏതൊക്കെ തരം സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യും എനർജി മാനേജ്മെന്റ് സെന്ററും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എനർജി സ്മാർട്ട് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് 2011-12 കാലയളവിൽ "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഊർജ്ജ സംരക്ഷണം പാഠ്യപദ്ധതിയുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പ്രാദേശിക കൂട്ടായ്മകളിലൂടെ ഊർജ്ജ സംരക്ഷണം സാദ്ധ്യമാക്കുക എന്നതാണ് എനർജി സ്മാർട്ട് സ്കൂൾ പരിപാടിയുടെ ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

1. ഊർജ്ജ സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ
2. അദ്ധ്യാപക പരിശീലന പരിപാടികൾ
3. പാഠ്യവിഷയങ്ങളിലൂടെ പ്രായോഗിക പരിജ്ഞാനം
4. ഊർജ്ജ സംരക്ഷണ മത്സരപരിപാടികൾ

കേന്ദ്രപൂളിൽനിന്നും വൈദ്യുതി എക്സ്ചേഞ്ചിൽനിന്നും ലഭിക്കുന്ന വൈദ്യുതി

4 (7840) ശ്രീ. എ. കെ. ബാലൻ :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേന്ദ്ര പൂളിൽ നിന്നും വൈദ്യുതി എക്സ്ചേഞ്ചിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) ഇതിന് എന്ത് ക്രമീകരണമാണ് ഉണ്ടാക്കിയിട്ടുള്ളത് ;

(സി) വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് പ്രസരണ ഇടനാഴി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly